# സൽസബീലും ഉമർ മൗലവിയും ജമാഅത്തിന്റെ ജൽപനങ്ങളും

സാലിഷ് വാടാനപ്പള്ളി

കെ. ഉമർ മൗലവി(റഹി) ഇഹലോക വാസം വെടിഞ്ഞിട്ട് ഏതാണ്ട് ഒരു പതിറ്റാണ്ട് പിന്നിടുകയാണ്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ അദ്ദേഹം നടത്തിയ പടയോട്ടം അതിശയിപ്പിക്കുന്നതാണ്. മനുഷ്യഹൃദയങ്ങളിൽ തൗഹീദിന്റെ മഹത്വം ഊട്ടിയുറപ്പിക്കാൻ ജീവിതം ഉഴിഞ്ഞു വെച്ച മഹാമനുഷ്യൻ. ആറു പതിറ്റാണ്ടുകളുടെ സംഭവബഹുലമായ ആ ആദർശജീവിതം ഒരു തുറന്ന പുസ്തകം കണക്കെ നമുക്കു മുന്നിൽ നിവർത്തിവെക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തെ സ്നേഹിക്കുന്നവർ ലക്ഷക്കണക്കിനാണ്. അദ്ദേഹത്തിന്റെ ആദർശ ജീവിതത്തോട് പൊറുതികേട് കാണിച്ചവരും ഒരു പാടുണ്ട്. ഏതായാലും അദ്ദേഹം ഇന്നു നമ്മോടൊപ്പമില്ല. പടച്ച തമ്പുരാന്റെ വിളിക്ക് ആർക്കും ഉത്തരം ചെയ്യാതിരിക്കാൻ കഴിയില്ലല്ലോ?

മരണപ്പെട്ട ഒരു വ്യക്തിയെ വിലയിരുത്തുമ്പോൾ മനുഷ്യരെല്ലാം ഒരു മാന്യത കാത്തുസൂക്ഷിക്കാറുണ്ട്. അനുകൂലിച്ചായാലും പ്രതികൂലിച്ചായാലും ശരി. മതപരമായി മാത്രമല്ല മാനവികമായ ഒരു നിഷ്കളങ്ക വികാരം കൂടിയാണീ സൂക്ഷ്മത. പക്ഷെ മനുഷ്യൻ 'പഠിച്ചതല്ലേ പാടൂ'എന്നത് ഒരു യാഥാർത്ഥ്യമാണ്. പന്തീരായിരം കൊല്ലം കുഴലിലിട്ടാലും നിവരാത്ത ചില വാലുകളുണ്ടീ ലോകത്ത്. എത്രതന്നെ പരിശ്രമിച്ചാലും അതു വളഞ്ഞുതന്നേയിരിക്കൂ. കാഹളത്തിലൂതും വരെ കാത്തിരുന്നാലും അതിൽ നിന്നൊരു മാറ്റവും ആരുമതിനു പ്രതീക്ഷിക്കേണ്ട. 'മാറ്റമില്ലാത്തതു മാറ്റത്തിനുമാത്ര'മെന്ന മാർക്സിയൻ തിയറിയോട് ഈയുള്ളവനുള്ള വിയോജിപ്പ് 'അട്ടയെ പിടിച്ച് മെത്തയിലേറ്റിയിട്ട് യാതൊരു മെച്ചവുമില്ലെന്ന' സത്യത്തിനും ഒരു മാറ്റവും കാണാത്തതു കൊണ്ടുമാത്രമാണ്. 2009 നവംബറിലെ 'ആരാമം' മാസികയിൽ ഒന്നു കണ്ണോടിച്ചാൽ 'ഓർമകളുടെ ഓളങ്ങളിൽ' മാനുഷികമോ–മതപരമോ ആയ ഒരു സംസ്കാരം പേരിനെങ്കിലും കാണാൻ കിട്ടാത്ത ചില ഓർമക്കുറിപ്പുകൾ കാണാം. പ്രായമേറിയിട്ടും പക്വത എന്നത് ഏഴയലത്തുകൂടി കടന്നുപോകാത്ത ഒരു മനുഷ്യന്റെ ഓർമക്കുറിപ്പുകൾ. സത്യസന്ധത എന്ന ഒന്ന് 'ഡിഷ്ണറി'യിൽ പോലുമില്ലാത്ത ഐ.പി.എച്ച് ന്റെ ഡയറക്ടർ എഴുതിപ്പിടിപ്പിച്ച നിലവാര ശൂന്യമായ ഓർമക്കുറിപ്പുകൾ കണ്ടപ്പോൾ യാതൊരാശ്ചര്യവും തോന്നിയില്ല. ഏതെങ്കിലും തരത്തിൽ ദീനിനെപ്പറ്റിയെന്തെങ്കിലുമൊരു ബോധം പകർന്നു നൽകേണ്ട ഒരു മാസികയുടെ പേരും പേജും ഇത്തരത്തിലുള്ള പാർട്ടീ പക്ഷപാതത്തിനുവേണ്ടിമാറ്റിവെച്ചല്ലോ? കഷ്ടം അതും മരണപ്പെട്ടുപോയ ഒരു വ്യക്തിയെ പറ്റി ഏറ്റവും നീചമായ തരത്തിൽ വ്യക്തിഹത്യ നടത്തികൊണ്ട്. ഒരു പൂവും ഇതുവരെ വിരിഞ്ഞിട്ടില്ലാത്ത 'ആരാമ'ത്തിൽ തന്നെ ഇതെഴുതിയത് ആണുങ്ങളാരും അറിയേണ്ടന്നു കരുതിയിട്ടുതന്നെയാവാം. 'സമുദായത്തിൽ ശൈഥില്യം വളർത്തിയ മാസിക' എന്ന അറുവഷളൻ തലക്കെട്ടിനടിയിലാണ് കുടുംബിനികളുടെ 'കൂട്ടുകാരി'യിൽ ഐ.പി.എച്ച് ഡയറക്ടർ പേനയുന്തിയിരിക്കുന്നത്. അർഹമായ രൂപത്തിൽ നാം അതിനെ നിരൂപണം ചെയ്താലറിയാം, ഡയറക്ടർ വിമർശനവിധേയമാക്കിയ 'സൽസബീൽ' മാസികയാണോ? അതോ കുതന്ത്രങ്ങളും കൃത്രിമങ്ങളും മാത്രം കളിച്ചു ശീലിച്ചുപോയ ഡയറക്ടറും സംഘവുമാണോ സമുദായ ശൈഥില്യത്തിന് കടിഞ്ഞാൻ പിടിച്ചതെന്ന്. 1960കളിൽ ജമാഅത്ത്–മുജാഹിദ് പ്രസ്ഥാനങ്ങൾക്കിടയിൽ നിലനിന്നിരുന്നു എന്ന് പറയപ്പെടുന്ന ശാന്ത സുന്ദരമായ സുവർണ കാലത്തെ അയവിറക്കി മുതലക്കണ്ണീർ പൊഴിച്ചാണ് ഡയറക്ടർ തന്റെ തൂലിക ചലിപ്പിക്കുന്നത്. തുടർന്ന് അദ്ദേഹം എഴുതുന്നു:

''എന്നാൽ 1970കളോടെ ഈ അവസ്ഥക്ക് വലിയ മാറ്റം സംഭവിച്ചു. മുസ്‌ലിം സമുദായത്തിനിടയിൽ മുമ്പൊന്നുമില്ലാത്ത വിധം ശൈഥില്യം വർധിച്ചു. മുജാഹിദ് നേതാക്കളും പണ്ഡിതൻമാരും പ്രസംഗകരും എഴുത്തുകാരും ജമാഅത്തിനെതിരെ കള്ളത്തരങ്ങൾ പ്രചരിപ്പിച്ചു. അതിരൂക്ഷമായ പരിഹാസങ്ങളഴിച്ചുവിട്ടു. ഇതിനൊക്കെയും തുടക്കം കുറിച്ചതും നേതൃത്വം

നൽകിയതും 'സൽസബിൽ' മാസികയും അതിന്റെ പത്രാധിപർ ഉമർ മൗലവിയുമായിരുന്നു. അതിന്റെ ഓരോ ലക്കവും മറ്റുള്ളവർക്കെതിരെ വിദ്വേഷത്തിന്റെ വിഷം ചീറ്റുകയായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തെ തേജോവധം ചെയ്യാൻ എന്തുകള്ളത്തരവും കാണിക്കാനും വ്യാജം പ്രചരിപ്പിക്കാനും അതൊട്ടും പിശുക്ക് കാണിച്ചില്ല''. (ആരാമം. നവംബർ. 2009. ശൈഖ് മുഹമ്മദ് കാരക്കുന്ന്)

ജമാഅത്തെ ഇസ്‌ലാമിക്കെതിരെ കള്ളത്തരങ്ങളും പരിഹാസങ്ങളും വ്യാജ പ്രചാരണങ്ങളും നടത്താൻ മുജാഹിദ് നേതാക്കളേയും പണ്ഡിതൻമാരേയും പ്രസംഗകരേയും എഴുത്തുകാരേയും പ്രചോദിപ്പിച്ചതും നേതൃത്വം കൊടുത്തതും ഉമർ മൗലവിയും സൽസബീലുമാണത്രെ! ജമാഅത്ത് വിരോധം മൂത്ത് എന്ത് കള്ളത്തരവും കൃത്രിമത്വവും കാണിക്കുവാൻ യാതൊരു വിധ പിശുക്കും കാട്ടാത്ത സമീപനവുമായിരുന്നത്രെ സൽസബീലിനും അതിന്റെ പത്രാധിപർക്കുമുണ്ടായിരുന്നത്! 1970 കളോടെ സംഭവിച്ച ഈ വമ്പിച്ച മാറ്റത്തിന് കാരണമായതും മുസ്‌ലിം സമുദായത്തിൽ 'ശൈഥില്യം' വർദ്ധിപ്പിച്ചതും സൽസബീലെന്ന മാസികയും ഉമർ മൗലവിയെന്ന അതിന്റെ പത്രാധിപരുമാണത്രെ! അപ്പോൾ അതിനു മുമ്പത്തെ സമുദായത്തിന്റെ അവസ്ഥ എങ്ങിനെയായിരുന്നു? എന്തൊരൈക്യമായിരുന്നു സമുദായത്തിൽ? പരസ്പരം കെട്ടിപ്പിടിച്ചും വട്ടം പിടിച്ചുമാണത്രെ സമുദായം നീങ്ങിയത്! ഒരു എൽ.പി സ്കൂളിലെ ചരിത്ര വിദ്യാർത്ഥിയുടെ നിലവാരമെങ്കിലും പുലർത്താൻ ഡയറക്ടർ ശ്രമിക്കേണ്ടിയിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശ പാപ്പരത്തം മുസ്‌ലിം കേരളത്തിനു മുന്നിൽ തുറന്നുകാട്ടി എന്നതല്ലാതെ മറ്റെന്ത് 'അപരാധ'മാണ് ഉമർ മൗലവി ചെയ്തത്? അദ്ദേഹത്തിന്റെ ശൈലി പലർക്കും ദഹിച്ചുകൊള്ളണമെന്നില്ല. കാരണം, വിമർശനം മൂർച്ചയുള്ളതും കുറിക്കുകൊള്ളുന്നതുമാകണമെന്ന നിർബന്ധമുള്ള ആളായിരുന്നു അദ്ദേഹം. മാനുഷികമായി എന്തെങ്കിലും നയവൈകല്യങ്ങൾ അദ്ദേഹത്തിൽ സംഭവിച്ചിരിക്കാമെന്നല്ലാതെ ഒട്ടും സത്യസന്ധമല്ലാത്ത ഒരു 'മൊയ്ല്യാർ' ശൈലി സ്വീകരിച്ച വ്യക്തിയാണ് അദ്ദേഹമെന്ന് പക്ഷപാതിത്തം കൊണ്ട് കാഴ്ച മങ്ങിയവരല്ലാതെ മറ്റാരും പറയില്ല. മുസ്‌ലിം സമൂഹത്തെ പ്രമാണങ്ങളിൽ നിന്നകറ്റി തീവ്രവാദത്തിന്റെയും ദേശവിരുദ്ധതയുടെയും ബലിക്കല്ലുകളിൽ കെട്ടിയിടാൻ ശ്രമിച്ച മൗദൂദിസത്തെ തല്ലിച്ചതച്ച് ഉമർ മൗലവി തീർത്ത ആദർശപ്രതിരോധത്തിന്റെ മുന്നിൽ മുട്ടുമടക്കേണ്ടി വന്നതിന്റെ പക തീർക്കുന്ന ഷണ്ഡത്വമായിപ്പോയി 'ഓർമയുടെ ഓളങ്ങൾ'. ഇനിയോ? സൽസബീൽ കാട്ടിയ 'കള്ളത്തര'ങ്ങൾക്കും കൃത്രിമങ്ങൾ'ക്കും ടിയാൻ ഒരു വമ്പൻ ഉദാഹരണം നിരത്തുന്നുമുണ്ട്. 'ദൈവനീതിക്കു ദാക്ഷീണ്യമില്ലെ'ന്നത് സത്യം തന്നെ. അതുകൊണ്ടാണല്ലോ സൽസബീലിന്റെ തൊലിയുരിക്കാൻ ഡയറക്ടർ കൊണ്ടുവന്ന 'വമ്പൻ തെളിവ്' ഡയറക്ടർക്കു നേരെയുള്ള ഒരുഗ്രൻ ബൂമറാംഗായി പരിണമിച്ചത്. ആ വരികൾ നാം വായിക്കുക:

''ജമാഅത്ത് വിരോധത്തിൽ വാർത്തെടുക്കപ്പെട്ട 'സൽസബീൽ' ആക്ഷേപിക്കുമ്പോഴും വിമർശിക്കുമ്പോഴും സത്യസന്ധതക്ക് ഒട്ടും വില കൽപിച്ചിരുന്നില്ല; എത്ര വലിയ കള്ളവും ഒട്ടും പിശക്കില്ലാതെ പ്രചരിപ്പിച്ചു. ചില ഉദാഹരണങ്ങൾ മാത്രം. 'സൽസബീലി'ൽ അതിന്റെ പത്രാധിപർ കെ. ഉമ്മർ മൗലവി എഴുതുന്നു: ''ഇബാദത്തിന് അനുസരണം എന്ന് അർത്ഥം വെക്കൽ ശരിയാകുമോ എന്ന് ഞാൻ പരിശോധിക്കാൻ തുടങ്ങി. വളരെയധികം പണ്ഡിതന്മാരുമായി ചർച്ച ചയ്തു. വളരെയധികം ഗ്രന്ഥങ്ങൾ പരിശോധിച്ചു. സർവ്വാംഗീകൃതമായ ലിസാനുൽ അറബ് എന്ന മഹാഡിഷ്ണറി അന്ന് കേരളത്തിലെവിടെയും ഉണ്ടായിരുന്നില്ല. ഉമറാബാദിൽ പോയി അതും നോക്കി. അവസാനം എനിക്ക് അങ്ങേയറ്റം ബോധ്യപ്പെട്ടു. അനുസരണം എന്ന് ഇബാദത്തിന് അർത്ഥം വെക്കാൻ പറ്റുകയില്ല'' (സൽസബീൽ. മെയ്. 1996. പേജ്. 6,7). ലിസാനുൽ അറബ് കേരളത്തിലെവിടെയുമുണ്ടായിരുന്നില്ല എന്നത് തീർത്തും കള്ളമാണ്. അത് നോക്കിയപ്പോൾ അറബിഭാഷയറിയുന്ന മൗലവിക്ക് ഇബാദത്തിന് അനുസരണം എന്ന് അർത്ഥം വെക്കാൻ പറ്റില്ലെന്ന് അങ്ങേയറ്റം ബോധ്യപ്പെട്ടുവെന്നത് വിശ്വസിക്കാൻ പ്രയാസമുള്ള വിചിത്ര വാദവും. ഇക്കാര്യത്തിൽ 'സൽസബീൽ' പത്രാധിപർ കള്ളം പറയുകയായിരുന്നുവെന്ന് തുടർന്നുള്ള ഉദ്ധരണികൾ അസന്നിഗ്ധമായി തെളിയിക്കുന്നു. ''ഇബാദത്തിന് അനുസരണം, അടിമത്തം, ആരാധന ഇങ്ങനെ മൂന്നർത്ഥമുണ്ടെന്ന് പറഞ്ഞത് ഏറ്റവും വലിയ വിവരക്കേടാണ്. ആ മൂന്നർത്ഥം തൗഹീദിൽ പരിഗണിക്കണമെന്ന് പറഞ്ഞത് ഭയങ്കര വിവരക്കേടാണ്. അറബിയും അറിഞ്ഞുകൂടാ. ഇസ്‌ലാമിന്റെ തൗഹീദും അറിഞ്ഞു കൂടാ'' (സൽസബീൽ. 1996. നവം

ബർ. 20. പേജ്. 5,6). ''അല്ലാഹു അല്ലാത്തവരെ അനുസരിക്കലും അല്ലാഹു അല്ലാത്തവർക്ക് അടിമവേല ചെയ്യലും ശിർക്കാണെന്ന് ലോകത്ത് ആരും പറഞ്ഞിട്ടില്ല. മൗദൂദി സാഹിബ് കളവ് പറഞ്ഞതാണ്'' (പുസ്തകം 8 ലക്കം: 6,പേജ്:9). ''നൂറുകണക്കിനു സന്ദർഭങ്ങളിൽ ഉപയോഗിച്ചി ട്ടുള്ള ഇബാദത്തിന് രണ്ടോ മൂന്നോ സ്ഥലങ്ങളിൽ അനുസരണം എന്നുദ്ദേശിക്കാമെന്ന് വെച്ച് എല്ലാ സ്ഥലങ്ങളിലും ആ അർത്ഥം കൊണ്ട് സായൂജ്യം നേടാനുള്ള വ്യഗ്രതയിൽ സംഭവിച്ചതാ ണിതെല്ലാം.'' (1972 ജൂലൈ 17). ഇതെഴുതിയ മാസിക 24 കൊല്ലത്തിനു ശേഷം ഭാഷയിലും സാങ്കേതികാർത്ഥത്തിലും അനുസരണമെന്ന അർത്ഥമേ ഇല്ലെന്ന് എഴുതണമെങ്കൽ സത്യം മറ ച്ചുവെക്കാനുള്ള അസാധാരണ കഴിവുതന്നെ വേണമല്ലോ.'' (ആരാമം– 2009 നവംബർ –ശൈഖ് മുഹമ്മദ് കാരക്കുന്ന്)

വല്ലാത്തൊരു ധാർഷ്ഠ്യം തന്നെയിത്. സൽസബീലിൽ ഉമർ മൗലവി എഴുതിയ വരികളിൽ നിന്ന് അദ്ദേഹം ഉദ്ദേശിക്കുകയോ ചിന്തിക്കുകയോ ചെയ്യാത്ത കാര്യങ്ങൾ കണ്ടെത്തണമെങ്കിൽ അസാധാരണമായ കാപട്യം തന്നെവേണം. ഡയറക്ടർ എഴുതിയ വാരികൾ വായിക്കുന്ന ഓരോ വായനക്കാരനും മനസ്സിലാക്കുക 'ലിസാനുൽ അറബി'ൽ 'ഇബാദത്തിന്' അനുസരണം എന്ന അർത്ഥം നൽകിയിട്ടില്ല എന്ന് ഉമർ മൗലവി എഴുതിയെന്നാണ്. അങ്ങനെ തെറ്റിദ്ധരിപ്പി ക്കുക എന്നതു തന്നെയാണ് ഡയറക്ടറുടെ ലക്ഷ്യവും. വാസ്തവത്തിൽ 'ലിസാനുൽ അറബി' ൽ ഇബാദത്തിന് അനുസരണം എന്ന അർത്ഥം നൽകിയിട്ടുണ്ടോ ഇല്ലേ എന്നതല്ല പ്രസ്തുത സൽസബീലിലെ ചർച്ച. മറിച്ച് ഇബാദത്തിന് മൗദൂദി സാഹിബ് ജൽപിക്കും പ്രകാരം 'അനുസ രണം' എന്നർത്ഥം വെക്കാൻ പറ്റുമോ? ഇല്ലയോ എന്ന പഠനത്തിന്റെ ഭാഗമായി പല പണ്ഡി തൻമാരുമായി ചർച്ച നടത്തുകയും പല ഗ്രന്ഥങ്ങൾ പരിശോധിക്കുകയും ചെയ്ത കൂട്ടത്തിൽ 'ലിസാനുൽ അറബ് പരിശോധിക്കുവാൻ 'ഉമറാബാദ്' വരെ പോയി എന്ന് സന്ദർഭികമായി എടുത്തു പറയുക മാത്രമാണ് 'സൽസബീലിൽ ഉമർ മൗലവി ചെയ്തിട്ടുള്ളത്. പക്ഷെ, അതു മറച്ചുവെച്ച് 'ലിസാനുൽ അറിബി'ൽ അനുസരണം എന്നർത്ഥമുണ്ടോ എന്നു പരിശോധിച്ച പ്പോൾ അങ്ങിനെ ഒരർത്ഥം അതിൽ കണ്ടില്ലെന്ന് ഉമർ മൗലവി തട്ടി വിടുകയാണ് ചെയ്തതെന്ന് തെറ്റിദ്ധരിപ്പിക്കുകയാണ് സാമുദായിക ശൈഥില്യത്തിന്റെ പേരിൽ മുതലക്കണ്ണീർ പൊഴിക്കുന്ന ഡയറക്ടർ ചെയ്ത 'മഹനീയ' കൃത്യം. ജീവിച്ചിരുന്ന കാലത്ത് ഡയറക്ടറുടെ ഈ വ്യാജപ്രചാ രണത്തിന് മറുപടി ഉമർ മൗലവി തന്നെ പറഞ്ഞിട്ടുണ്ട്. എന്നിട്ടും ഈ കള്ളത്തരം വർഷങ്ങളായി ആവർത്തിച്ചു കൊണ്ടിരിക്കുവാൻ അഭിനവ ഗീബൽസുമാർക്കല്ലാതെ മറ്റാർക്കു കഴിയാൻ?

1998 നവംബർ 20–ാംതിയ്യതി ഇറങ്ങിയ സൽസബീലിൽ 'വിശേഷങ്ങൾ' എന്ന തലക്കെട്ടിനു താഴെ 1–ാം പേജിൽ ഉമർ മൗലവി തന്നെ ഈ കള്ളത്തരത്തിനു നൽകിയ മറുപടി കാണുക:

''മൗദൂദിസത്തിന് വെള്ള പൂശാൻ പ്രവാചകന്റെ പേരിൽ കള്ള ഹദീസ് നിർമ്മിച്ച് പാർട്ടിയിൽ പ്രമോഷൻ തരപ്പെടുത്തിയ ഐ.പി.എച്ച് ഡയറക്ടർ എന്നെക്കുറിച്ച് ഇല്ലാത്തതു പറായാൻ ഒട്ടും മടി കാണിക്കേണ്ടതില്ലല്ലോ. ടിയാൻ 'പ്രബോധനത്തിൽ 'സൽസബീലി'ൽ നിന്നുള്ള എന്റെ പ്രസ്താവനയുടെ ഒരു ഭാഗം ഉദ്ധരിച്ചു കൊണ്ടാണ് സമർത്ഥമായ തന്റെ ശീലം പ്രകടിപ്പിച്ചത്.

''കേരളത്തിലെ മുജാഹിദ് പണ്ഡിതൻമാരിൽ പ്രമുഖനായ കെ. ഉമർ മൗലവി എഴുതി. ഇബാദ ത്തിന് അനുസരണം എന്ന് അർത്ഥമാക്കിയാൽ ശരിയാകുമോയെന്ന് ഞാൻ പിരിശോധിക്കാൻ തുടങ്ങി. വളരെയധികം പണ്ഡിതൻമാരുമായി ചർച്ചചെയ്തു. വളരെയധികം ഗ്രന്ഥങ്ങൾ പരി ശോധിച്ചു. സർവ്വാംഗീകൃതമായ 'ലിസാനുൽ അറബ്' എന്ന മഹാഡിക്ഷണറി അന്ന് കേരള ത്തിൽ എവിടെയും ഉണ്ടായിരുന്നില്ല. ഉമറാബാദിൽ പോയി അതും നോക്കി. അവസാനം എനിക്ക് അങ്ങേയറ്റം ബോധ്യപ്പെട്ടു അനുസരണം എന്ന് ഇബാദത്തിന് അർത്ഥം വെക്കാൻ പറ്റു കയില്ല'' (സൽസബീൽ 96 മെയ്, പേജ്: 6,7)

ഡയറക്ടർ ശേഷം എഴുതുന്നു ''ഉമ്മർ മൗലവി ഒന്നുകിൽ ലിസാനുൽ അറബ് കണ്ടിട്ടില്ല. അല്ലെ ങ്കിൽ വായിച്ചിട്ട് മനസ്സിലായിട്ടില്ല. കാരണം, ലിസാനുൽ അറബ് പരിശോധിക്കുന്ന ആർക്കും അനുസരണം എന്ന അർത്ഥം പറയാൻ പാടില്ലെന്ന് ബോധ്യമാവുകയില്ല. ഭാഷാ പ്രയോഗം

എന്ന നിലക്കും സാങ്കേതിക പ്രയോഗം എന്ന നിലക്കും ഇബാദത്തിന് അനുസരണം എന്ന അർത്ഥം അതിൽ അർത്ഥശങ്കക്കിടയില്ലാത്ത വിധം വ്യക്തമായിട്ടുണ്ട്'' ഇവിടെ വലിയ ഒരു അട്ടിമറി നടത്തിയിട്ടുണ്ട്. അതായത്, ലിസാനുൽ അറബിൽ അനുസരണം എന്ന അർത്ഥം പാടില്ലെന്ന് പറഞ്ഞിട്ടുണ്ടെന്ന് ഞാൻ എഴുതിയോ? ശൈഖ് ഉദ്ധരിച്ചതിൽ അതില്ല. ലിസാനുൽ അറബിൽ ഞാൻ കണ്ടത് എന്താണെന്ന് ഒന്നിലധികം തവണ വ്യക്തമായി എഴിതിയിട്ടുണ്ട്. ഒരിക്കൽ കൂടി.

''വ അമ്മാ അബ്ദുൻ ഖദമ മൗലാഹു ഫലായുഖാലു അബദഹൂ''
(ഒരടിമ അവന്റെ ജയമാനന് അടിമവേല ചെയ്താൽ അവൻ അയാൾക്ക് ഇബാദത്ത് ചെയ്തു എന്നു പറയുകയില്ല.'')

ഇബാദത്തിന്റെ അർത്ഥവ്യാഖ്യാനത്തിൽ മൗദൂദിയുടെ കയ്യേറ്റത്തെ കുറിച്ച് ഞാൻ ഒട്ടേറെ പഠനങ്ങളും പരിശോധനകളും ചർച്ചകളും നടത്തിയെന്ന കൂട്ടത്തിൽ ലിസാനുൽ അറബിൽ നോക്കാൻ പ്രത്യേകമായി ദീർഘയാത്ര ചെയ്തതും എടുത്തുപറഞ്ഞു. ലിസാനുൽ അറബിൽ എന്തുണ്ടെന്ന് അവിടെ പ്രത്യേകം പറഞ്ഞിട്ടില്ല. വേറെ സ്ഥലത്ത് ഒന്നിലേറെ തവണ അതുദ്ധരിച്ചിട്ടുമുണ്ട്. ചർച്ചകളിലും പഠനങ്ങളിൽ നിന്നും ബോധ്യമായതിനെ കുറിച്ച് മൊത്തമായി പറഞ്ഞതാണ്. ഞാൻ എഴുതാത്തതും ഉദ്ദേശിക്കാത്തതും എന്റെ വരികൾക്കിടയിൽ വെച്ചുകെട്ടാൻ ബദ്ധപ്പെടുകയാണ്. റസൂൽ(സ്വ)യുടെ പേരിൽ പോലും കൃത്രിമം ചെയ്യാൻ കൂസലില്ലാത്ത ഒരാൾക്ക് ഇതൊക്കെ നിസാരം തന്നെ. പക്ഷെ എനിക്കിത് അങ്ങേയറ്റം ഗൗരവമുള്ളതാണ്. മൗദൂദിസത്തിന്റെ തിരുത്തൽ വാദം എനിക്ക് നന്നായി ബോധ്യപ്പെട്ട് ഖുർആനിൽ നിന്നുതന്നെയാണ്....''. (1998 നവംബർ 20– സൽസബീൽ, പേജ്: 1)

ഇപ്പോഴെങ്ങിനെയുണ്ട് ഡയറക്ടർ സാറിന്റെ സമുദായ സ്നേഹം? അതാണു പറഞ്ഞത് ഇതുമുതലക്കണ്ണീരു മാത്രമാണെന്ന്. പ്രബോധനത്തിൽ ടിയാൻ ഇതെഴുതുമ്പോൾ പ്രായം വളരെ കുറവായിരുന്നു. എത്ര തന്നെ അറിവുണ്ടായാലും പ്രായത്തിന്റെ  ചില ചാപല്ല്യങ്ങൾ മനുഷ്യനിലവശേഷിക്കുമല്ലോ? അതു പക്ഷെ പക്വത കൈവരിക്കുമ്പോൾ തിരുത്തുകയും ചെയ്യും. പക്ഷെ, ഡയറക്ടർ സാറിന്റെ കാര്യത്തിൽ പക്വത പ്രായത്തിനു വിപരീത ദിശയിലാണ് സഞ്ചരിച്ചു കൊണ്ടിരിക്കുന്നതെന്നു തോന്നുന്നു. തലയും താടിയും വെളുത്തു തുടങ്ങിയിട്ടും മരണവുമായി അടുത്തടുത്തു നിന്നിട്ടും ഇനി എപ്പോഴാണാവോ വിവേകം ഉദിക്കുന്നത്? ഏതായാലും റൂഹ് തൊണ്ടക്കുഴിയിലെത്തും മുമ്പെങ്കിലും ഒന്നു പശ്ചാതപിക്കാൻ മനസ്സു വരാൻ നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുക. മാത്രമല്ല, സൽസബീലിന്റെ തിയ്യതി കൊണ്ടും ടിയാൻ ചില നമ്പറുകൾ ഇറക്കുന്നുണ്ട്. 1996 ലാണ് ഉമർ മൗലവി, 'ലിസാനുൽ അറബ്' കേരളത്തിലില്ലാത്തതിനാൽ ഉമറാബാദിലേക്ക് വണ്ടി കയറിയതെന്നാണ് ഡയറക്ടർ സൂത്രത്തിലൊപ്പിച്ചെടുക്കുന്ന തെറ്റിദ്ധാരണ. മഹാനവർകൾ എന്താണന്നാവോ അനുവാചകരെ പറ്റി നിനച്ചിരിക്കുന്നത്? GIO കാരികൾക്കെല്ലാം മസ്തിഷ്കം വറ്റിവരണ്ടെന്നോ? വർഷങ്ങൾക്ക് മുമ്പ് മൗദൂദിസത്തെ പഠനവിധേയമാക്കാൻ താൻ നടത്തിയ പഠനങ്ങൾക്കും ചർച്ചകൾക്കുമിടയിൽ 'ലിസാനുൽ അറബും' നോക്കിയിരുന്നു എന്ന് കാലങ്ങൾക്ക് ശേഷം 1996 ൽ എഴുതുമ്പോൾ 96 ൽ കേരളത്തിൽ ലിസാനുൽ അറബ് എവിടെയുമുണ്ടായിരുന്നില്ലെന്ന തലതിരിഞ്ഞ തിരിച്ചറിവ് ലഭിക്കാൻ മാത്രം നിലവാരത്തകർച്ചക്ക് വിധേയരാണ് 'ആരാമ' ത്തിന്റെ കുടുംബിനികൾ എന്നാണോ വിചാരം? എങ്കിലാ 'ആരാമ'ത്തിലൊരു പുഷ്പവും വിടരുമെന്ന് തോന്നുന്നില്ല.

അവിടെ നിന്നും ടിയാൻ വെട്ടിനിരത്തൽ തുടരുന്നത്, ഇമാം റാസിയടക്കം പല പണ്ഡിതൻമാർക്കും ഇബാദത്തിന്റെ വിഷയത്തിൽ അബദ്ധം സംഭിവിച്ചിട്ടുണ്ടെന്ന് ഉമർ മൗലവി സൽസബീലിലൂടെ എഴുതിവിട്ടിരിക്കുന്നു എന്നിടത്തു നിന്നാണ്. (ഉദാ:–സൽസബീൽ 1972, 1998) എന്തിനെന്നോ ഈ സങ്കടം പറച്ചിൽ? മൗദൂദിയുടെ ഇബാദത്തും തൗഹീദുമാണ് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതൻമാരും സ്വീകരിച്ചെതെന്ന് സൂത്രത്തിൽ തെറ്റിദ്ധരിപ്പിക്കുവാൻ തന്നെ. ആ ചപ്പടിവിദ്യ പുറത്തിറക്കുന്നതിന്റെ കോലമൊന്ന് കണ്ടുനോക്കുക:

‘‘ഇബാദത്തിന്റെ അർത്ഥത്തിലും തൗഹീദിലും ഉമർ മൗലവി അല്ലാത്ത കഴിഞ്ഞ കാല പണ്ഡിത ന്മാർക്കും സൗദിഅറേബ്യയിലേ സലഫീ പണ്ഡിതൻമാർക്കും ഉൾപ്പെടെ എല്ലാവർക്കും തെറ്റുപ റ്റിയിട്ടുണ്ടെന്നാണല്ലോ ‘സൽസബീൽ’ എഴുതുന്നത്. എന്നിട്ടും മൗദൂദിക്കാണ് തെറ്റുപറ്റിയ തെന്നും ഇബാദത്തിന് അനുസരണം, അടിമവേല എന്നീ അർത്ഥങ്ങൾ മൗദൂദി സാഹിബിന് മുമ്പ് ആരും പറഞ്ഞിട്ടില്ലെന്നും എഴുതാൻ എങ്ങനെ ധൈര്യം വന്നു? സത്യം അറിയാത്തത് കൊണ്ടാവാൻ തരമില്ലെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു’’. (ആരാ മം, നവംബർ 2009 – ശൈഖ് മുഹമ്മദ് കാരക്കുന്ന് )

എന്താണ് റാസി പറഞ്ഞത്? അത് അംഗീകരിക്കാൻ ജമാഅത്തെ ഇസാലമിക്കാകുമോ? എന്നാൽ സൂറത്തു യാസീനിന്റെ വ്യാഖ്യാനത്തിൽ ഇമാം റാസിയുടെ തഫ്സീറിലുള്ള പരാ മർശങ്ങൾ അബദ്ധവിധേയമാണ്, ഉമർ മൗലവി ഇമാം റാസിക്ക് പറ്റിയ അബദ്ധങ്ങളായി ചൂണ്ടി ക്കാണിച്ച കാര്യങ്ങൾ സുബദ്ധമാണെന്നു തെളിയിക്കുവാൻ ഡയറക്ടടർക്കാകുമോ? (സൂറ: യാസീനിന് തഫ്സീർ എഴുതിയിട്ടുള്ളത് വാസ്തവത്തിൽ റാസിയല്ല. അദ്ദേഹത്തിന്റെ മരണ ശേഷം ശിഷ്യൻമാരിലാരോ ആണ് ആ ഭാഗങ്ങൾ എഴുതി ചേർത്തതെന്ന് ‘തഫ്സീറുൽ കബീ റിൽ’ തന്നെ തെളിവകൾ കാണാം’) അപ്പോൾ വേല കയ്യിലിരിക്കട്ടെ. റാസിയും മറ്റും ഇബാദ ത്തുമായി ബന്ധപ്പെട്ടു പറഞ്ഞ പരാമർശങ്ങളുടെ മറ പിടിച്ച് മൗദൂദിയെ കുടിയിരുത്താനുള്ള യാതൊരു കുതന്ത്രവും വിലപ്പോവില്ല. കാരണം, ഇബാദത്തിന് ആരാധന എന്ന അർത്ഥത്തിനു പുറമെ അനുസരണം, അടിമവേല എന്നീ അർത്ഥങ്ങൾ കൂടി മൗദൂദി നൽകിയത് ഒരു പുതിയ തൗഹീദിന് അടിത്തറ പണിയാനാണ്. ആ പുത്തൻ തൗഹീദാണ് ഇബാദത്തായി ബന്ധപ്പെട്ട ജമാഅത്ത്–മുജാഹിദ് പ്രസ്ഥാനങ്ങളുടെ തർക്ക വിതർക്കങ്ങളിലേ യഥാർത്ഥ മർമ്മം. ആ മർമ്മ ത്തിൽ നിന്നും കുതറി മാറി കേവലം ‘അർത്ഥ പ്രശ്നത്തിലേക്ക്’ ഇബാദത്തിനെ വലിച്ചു കെ ട്ടാൻ ഡയറക്ടർ എപ്പോഴും പരിശ്രമിക്കുന്നതിലെ ചേതോവികാരം നാം തിരിച്ചറിയാതെ പോകരുത്. ഇബാദത്തടക്കം ഇസ്ലാമിലെ പല സാങ്കേതിക ശബ്ദങ്ങളിൽ നിന്നു തുടങ്ങുന്ന ‘ജമാഅത്തിന്റെ യാത്ര’ ചെന്നവസാനിക്കുന്നത് ഒരു പുതിയ തൗഹീദിന് പിറവി നൽകിക്കൊ ണ്ടാണ്. പുതിയ തൗഹീദെന്നാൽ അക്ഷരാർത്ഥത്തിൽ പുത്തൻ തന്നെ. പ്രവാചകൻമാർ പ്രബോധനം ചെയ്തിട്ടില്ലാത്ത, സലഫുകൾക്ക് മനസ്സിലായിട്ടില്ലാത്ത, റാസിയടക്കം ഒരൊറ്റ മുഫ സ്സിറും ചിന്തിക്കുക പോലും ചെയ്തിട്ടില്ലാത്ത ഒരു പുതിയ തൗഹീദ്. അവിടെയാണ് ജമാഅ ത്ത്– മുജാഹിദ് പ്രസ്ഥാനങ്ങൾക്ക് ഒന്നാവാൻ കഴിയാത്ത മർമ്മ പ്രധാനമായ വിടവ് നില നിൽക്കുന്നത്. എത്ര വ്യത്യസ്ത അർത്ഥങ്ങൾ ഭാഷയിൽ ഇബാദത്തിനുപറയുന്നു എന്നതല്ല, ആ അർത്ഥ വ്യത്യാസങ്ങളിലൂടെ രണ്ടുതരം തൗഹീദാണ് ഇരു കൂട്ടർക്കും ലഭിക്കുന്നത് എന്നതി ലത്രെ തർക്കത്തിന്റെ കാതൽ നിലകൊള്ളുന്നത്. ഇബാദത്തിന് മൗദൂദി അനുസരണം എന്നും അടിമവേല എന്നും അർത്ഥങ്ങൾ പറഞ്ഞപ്പോൾ റിസൾട്ടായി ലഭിച്ച തൗഹീദിന് പ്രമാണങ്ങ ളുടെ പിൻബലമുണ്ടോ? ഉണ്ടെങ്കിൽ അദ്ദേഹം പറഞ്ഞ അർത്ഥങ്ങൾ ശരിയാണ്. അല്ലെങ്കിലോ? മൗദൂദി ഇബാദത്തിനെ ദുർവ്യാഖ്യാനിക്കുകയാണ് ചെയ്തതെന്നുവരുന്നു. മൗദൂദി സമർത്ഥിച്ച ആ തൗഹീദ് (തൗഹീദുൽ ഹാക്കിമിയ്യ:) നാം ഒന്ന് നിരൂപണം ചെയ്യുക. അപ്പോഴറിയാം മൗദൂ ദിക്ക് പിഴച്ചോ? ഇല്ലേയോ? എന്നത്. മൗദൂദി എഴുതുന്നു:

‘‘ഈ അടിമത്വത്തിന്റെ (ഇബാദത്തിൽ പരിഗണിക്കപ്പെടേണ്ട) ലഘു നിരൂപണമാണ് ഭൃത്യനും യജമാനനും തമ്മിൽ നാം കാണുന്നത്. പക്ഷെ ഈ അടിമത്വത്തിന്റെ എല്ലാവശങ്ങളെയും ഉൾക്കൊള്ളുന്ന സമ്പൂർണ്ണവും വ്യക്തവുമായ മോഡൽ ഓരോ നാട്ടിലേയും ഭരണകൂടങ്ങ ളോടും പ്രജകൾ പാലിക്കുന്ന അനുസരണമാണ്....... അപ്പോൾ ഏത് രാഷ്ട്രത്തിന്റെ അതിരു കൾക്കുള്ളിൽ ജീവിക്കുന്നവനും ആ രാഷ്ട്രത്തിന്റെ ഭരണത്തെയും ഭരണ നിയമങ്ങളേയും അനുസരിക്കുന്നുവെന്നർത്ഥം. ഇങ്ങനെ പറയുന്നതിന് പകരം ഇതേ കാര്യം തന്നെ ദീനിന്റെ സാങ്കേതിക ശബ്ദമുപയോഗിച്ച് നാം പറയുകയാണെങ്കിൽ ആ ഭരണകൂടത്തിന് ‘ഇബാദത്ത്’ ചെയ്യുന്നു എന്നാണ് പറയേണ്ടത്.’’ (മഫാഹിം ഇസ്ലാമിയ്യ: പേജ്: 12,13 –ഉറുദു മൂലം ‘തഫ്ഹീ മാത്ത്–1–ാം ഭാഗം)

‘‘ദീൻ എന്നാൽ സ്റ്റേറ്റ് ആണെന്നും ശരീഅത്ത് എന്നത് ആ സ്റ്റേറ്റിന്റെ നിയമ വ്യവസ്ഥയാണെന്നും ആ നിയമ പദ്ധതി അനുസരിച്ച് ജീവിതം നയിക്കുന്നതിനാണ് ഇബാദത്ത് എന്നുപറയപ്പെടുന്നതെന്നുമുള്ള സംഗതി വ്യക്തമായി തീരുന്നതാണ്’’ (ഖുതുബാത്ത്: 411)

ഇപ്പോൾ മനസ്സിലായല്ലോ സൽസബീലിലും ഉമർ മൗലവിയിലും കൃത്രിമം നടത്താൻ ഡയറക്ടറെ പ്രചോദിപ്പിക്കുന്ന വികാരം. റാസി എന്നല്ല ഒരൊറ്റ പണ്ഡിതനും മൗദൂദി അവതരിപ്പിച്ച ഈ രാഷ്ട്രീയ തൗഹീദ് എന്തെന്ന് പോലും അറിയാത്തവരാണ്. ഇബാദത്തിന് അവരൊക്കെ എന്തർത്ഥം പറഞ്ഞാലും മൗദൂദി കടഞ്ഞെടുത്ത തൗഹീദ് അവർക്കെല്ലാം അപരിചിതമാണ്. ഭരണത്തെ ‘ഉസൂലി’ൽ കൊണ്ടു കെട്ടുന്ന ശിയാക്കളിൽ നിന്നല്ലാതെ ഒരൊറ്റ അഹ്‌ലുസ്സുന്നയുടെ പണ്ഡിതൻമാരിൽ നിന്നും മൗദൂദിയുടെ തൗഹീദ് എത്രവലിയ തിരച്ചിൽ നടത്തിയാലും കാണാനാകില്ല. അതിനാൽ നാം തിരിച്ചറിയുക, റാസിയായാലും മറ്റു മുഫസ്സിറുകളായാലും ശരി അവരൊക്കെ ഇബാദത്തിന് പറഞ്ഞ അർത്ഥങ്ങളിൽ എത്ര പോരായ്മകൾ ചൂണ്ടികാട്ടാനായാലും ശരി അവരിൽ നിന്നൊന്നും മൗദൂദിയുടെ തൗഹീദ് കണ്ടെടുക്കാനൊക്കില്ല. പുകമറകൾ ഒഴിവാക്കുന്നതാണ് സത്യസന്ധ്യതക്ക് നല്ലതെന്ന് ഡയറക്ടർ തിരിച്ചറിയുക. ഇനിയും ഡയറക്ടർ എഴുതുന്നത് കാണുക:

‘‘ജമാഅത്തെ ഇസ്‌ലാമിയെയും സയ്യിദ് മൗദൂദിയെയും സംബന്ധിച്ച് അനേകം കള്ളം ‘സൽസബീലിൽ’ നിരന്തരം പ്രചരിപ്പിക്കുകയുണ്ടായി. അതിലൊന്നാണ് മൗദൂദി സാഹിബിന് അറബി അറിയുകയില്ലെന്നത്. വളരെ ചെറുപ്രായത്തിൽ തന്നെ അറബിഭാഷയിലെ ഉജ്ജ്വല ഗ്രന്ഥങ്ങൾ ഉറുദുവിലേക്ക് പരിഭാഷപ്പെടുത്തിയ മൗദൂദി സാഹിബ് അറബി ഭാഷയിൽ അഗാധ പണ്ഡിതനായിരുന്നുവെന്ന് തഫ്ഹീമുൽ ക്വുർആനിലൂടെ കടന്നുപോകുന്ന ഏവർക്കും അനായാസം ബോധ്യമാകും മൗദൂദിയുടെ ഖബിറിനെപോലും ‘സൽസബീലിൽ’ വെറുതെ വിട്ടില്ല. അതു കെട്ടിപ്പൊക്കിയിട്ടുണ്ടെന്നും അവിടെ ചന്ദനത്തിരി കത്തിച്ചു വെച്ചിട്ടുണ്ടെന്നും പുഷ്പം വിതറിയിട്ടുണ്ടെന്നും വരെ കള്ളം പ്രചരിപ്പിച്ചു.’’(ആരാമം- നവംബർ-09)

മൗദൂദി സാഹിബിന് അറബി അറിയില്ലെന്നു പറഞ്ഞാൽ അറബിയിൽ അദ്ദേഹത്തിന് ആഴത്തിലുള്ള പാണ്ഡിത്യം ഉണ്ടായിരുന്നില്ലെന്നാണ്. അത് കേവലം ‘സൽസബീലിൽ’ മാത്രം പറഞ്ഞ കാര്യമല്ല. മറിച്ച്, മൗദൂദിയെ അറിയുന്ന പലരും അത് പറഞ്ഞിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണുക. പാക്കിസ്ഥാനിലെ പ്രമുഖ പണ്ഡിതനും ഇസ്‌ലാമിയ്യ അറബികോളേജിലെ ശൈഖുൽ ഹദീസും സ്ഥാപന മേധാവിയുമായ യൂസുഫ് ബിന്നൂരി എഴുതുന്നു: ‘‘ മൗദൂദിസാഹിബിന് അറബിഭാഷ നന്നായി അറിയില്ല. അറബിയിൽ പ്രസംഗിക്കാനോ എഴുതാനോ തെറ്റുകൂടാതെ വായിക്കാൻ പോലും അറിയില്ല. അദ്ദേഹത്തിന്റെതായി പുറത്തുവന്ന എല്ലാ അറബിഗ്രന്ഥങ്ങളും ഉറുദുവിൽ നിന്ന് മസ്ഊദ് ആലം നദ്‌വിയും ശിഷ്യൻമാരും വിവർത്തനം ചെയ്തതാണ് ’’ (ഉസ്താദ് മൗദൂദി: പേ.10)

‘‘ഒരിക്കൽ ഡമാസ്കസിൽ വെച്ചു നടന്ന കോൺഫറൻസിൽ മൗദൂദി പ്രബന്ധം അവതരിപ്പിച്ചത് ഉറുദുവിലാണ്. പിന്നീട് സംഘാടകർ അത് അറബിയിലേക്ക് മൊഴിമാറ്റം നടത്താൻ അബുൽ ഹസൻ നദ്‌വിയോട് ആവശ്യപ്പെട്ടു.’’ (ഉസ്താദ് മൗദൂദി പേ:11)

ഡോ. യൂസുഫുൽ ഖർദാവി പറയുന്നു: ‘‘ഖത്തർ സന്ദർശന വേളയിൽ പലതവണ മൗദൂദിയുമായി കൂടിക്കാഴ്ച നടത്താൻ എനിക്കവസരം ലഭിച്ചു. മർഹും ഖലീലുൽ ഹാമിദി കൂടെയുണ്ടായിരുന്നു. എന്റെ ചോദ്യങ്ങൾക്ക് ആദ്യമാദ്യം അറബിയിലായിരുന്നു മറുപടി പറഞ്ഞിരുന്നത്. പിന്നീട് ഉറുദുവിലാണ് എനിക്ക് സംസാരിക്കാൻ ആവുക എന്ന് പറഞ്ഞ് ഉറുദുവിലേക്ക് മാറി. ഖലീലുൽ ഹാമിദി അറബിയിലേക്ക് വിവർത്തനം ചെയ്തുകൊണ്ടിരുന്നു.’’ (പ്രബോധനം-2003 മാർച്ച് 22)

പാക്കിസ്താനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന അൽ അറബ് മാസികയിൽ പത്രാധിപർ അബ്ദുൽ മുൻഇം നദ്‌വി എഴുതുന്നു: ‘‘അറബി ഭാഷ പഠിക്കാത്തത് കൊണ്ടും അത് പഠിക്കാൻ താത്പര്യം കാണിക്കാത്തത് കൊണ്ടുമാണ് മൗദൂദിക്ക് വന്ന വിപത്ത്. ഉറുദുവിൽ രചിക്കപ്പെ

ട്ടതും അറബിയൽ നിന്ന് ഉറുദുവിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതുമായ ഗ്രന്ഥങ്ങളിൽ നിന്നുമാണ് അദ്ദേഹം പഠിച്ചത്. അത്കൊണ്ട് തന്നെ അറബി ഭാഷയും അത് പഠിച്ചവരെയും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല.'' (പുസ്തകം: 27, ലക്കം 3–4, ഹി: 1383) (ഉദ്ധരിച്ചത്: മത രാഷ്ട്ര വാദം ജമാഅത്തെ ഇസ്‌ലാമി ചോദ്യം ചെയ്യപ്പെടുന്നു, പ്രോഗ്രസ് പബ്ലിക്കേഷൻസ്– അബ്ദുൽ ഹമീദ് ഫൈസി)

എന്തിനധികം പറയണം? അറബി ഭാഷയിൽ പ്രാവീണ്യമില്ലാത്ത ഒരു വ്യക്തി ഭാഷാപണ്ഡിതൻ ചമഞ്ഞാൽ ദൃശ്യമാകുന്ന 'പൊട്ടപ്പോയത്തങ്ങൾ' പലപ്പോഴും മൗദൂദിയിലും ദർശിക്കാവുന്നതാണ്. മറ്റൊരാരോപണം മൗദൂദിയുടെ ക്വബ്‌റുമായി ബന്ധപ്പെട്ടതാണ്. അവിടെയും സത്യവും അസത്യവും കൂട്ടിക്കലർത്തുന്ന ശീലം ഡയറക്ടർ ഒഴിവാക്കിയിട്ടില്ല. മൗദൂദിയുടെ ക്വബ്ർ കെട്ടി ഉയർത്തിയതാണെന്ന് ഉമർ മൗലവി പറഞ്ഞിട്ടില്ല. മറിച്ച്, പറഞ്ഞതിലെ യാഥാർത്ഥ്യം നാം കാണുക:

''ലാഹൂരിൽ ഞാൻ മൗദൂദി സാഹിബിന്റെ ഖബർ കാണാൻ പോയി. അദ്ദേഹത്തിന്റെ വീട്ടിന്റെ മുറ്റത്താണ് ഖബർ. നാലുവരവീതിയിൽ, നീളത്തിൽ അൽപം ഉയർത്തിയ നിലയിൽ. നമ്മുടെ നാട്ടിലെ പോലെ അതിന്റെ രണ്ടറ്റത്തും കല്ല് നാട്ടിയിട്ടില്ല. ഖബർ ലേശം ഉയരത്തിലാണെന്ന് മാത്രം തലഭാഗത്ത് പനിനീർ പൂവുപോലുള്ള പുഷ്പ ഇതളുകൾ വിതിറിയിരിക്കുന്നു. ചന്ദന ത്തിരി കത്തിച്ചതും കണ്ടു. രാവിലെ ഏഴു മണിക്കാണ് ഈ സന്ദർശനം അവിടെ ആരെയും കണ്ടില്ല. ഞാനും കൂട്ടുകാരനും അവിടെ കുറെ ചുറ്റിക്കറങ്ങി'' (ഓർമകളുടെ തീരത്ത്– പേജ്: 376 ഉമർ മൗലവി)

മൗദൂദിയുടെ ക്വബ്‌റിന് അൽപം ഉയർച്ചയുണ്ടെന്നല്ലാതെ അത് കെട്ടിയുയർത്തിയതാണെന്ന് ഉമർ മൗലവി പറഞ്ഞിട്ടില്ല. അങ്ങനെ അദ്ദേഹം പറഞ്ഞെന്ന് തോന്നിപ്പിക്കുമാറ് തെറ്റിദ്ധാരണ പരത്തുന്ന പണി സത്യസന്ധതക്ക് യോജിച്ചതാണോ? ഇനി പുഷ്പം വിതറിയതും ചന്ദനത്തിരി കത്തിച്ചതും കളവാണെന്നാണ് ഡയറക്ടർ സമർത്ഥിക്കുവാൻ പരിശ്രമിക്കുന്നതെങ്കിൽ ആ പരി ശ്രമത്തിനെതിരെ ഉമർ മൗലവി ജീവിച്ചിരുന്ന കാലത്ത് പറഞ്ഞ മറുപടി മാത്രമാണ് നമുക്കും പറയാനുള്ളത്. ശേഷം അല്ലാഹുവിന്റെ വിചാരണ നാളിൽ മറുപടി തൃപ്തമായി തന്നെ ലഭിക്കു മെന്നതിൽ ആർക്കും സംശയം വേണ്ട. ഉമർ മൗലവി എഴുതുന്നു:

''ഈ വിഷയം ഞാൻ 86 മാർച്ച് ലക്കം സൽസബീലിൽ വിശേഷങ്ങൾ എന്നതിൽ എഴുതിയിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ പ്രബോധനം; ചോദ്യോത്തര പംക്തിയിൽ ഇത് സംബന്ധമായി ചോദ്യം വന്നു. മറുപടിയിൽ എല്ലാം നിഷേധിക്കുകയായിരുന്നു. പക്ഷെ എന്റെ കണ്ണു കൊണ്ട് ഞാൻ കണ്ടു ബോധ്യപ്പെട്ട, പുഷ്പം വിതറിയും ചന്ദനത്തിരി കത്തിച്ചും കണ്ട വിഷയം കാണാത്ത മുജീബ് എന്ന മറുപടിക്കാരൻ നിഷേധിച്ചതു കൊണ്ട് ഇല്ലാതാവുകയില്ലല്ലോ. ഈ കാര്യം വീണ്ടും ഞാൻ എഴുതിയിരിക്കുന്നു.'' (ഓർമ്മകളുടെ തീരത്ത്, പേജ്: 376 ഉമർ മൗലവി)

പിന്നീട് ഡയറക്ടർ തന്റെ രോഷം മുഴുവൻ പ്രകടിപ്പിക്കുന്നത് ഉമർ മൗലവി 'ഭരണ'ത്തെ ഭൗതി കമായ ഒരനുഗ്രമായി പരിചയപ്പെടുത്തിയതിലും ആ കാര്യം സമർത്ഥിക്കുവാൻ പ്രമാണങ്ങൾ വിവരിച്ചതിലുമാണ്. ഭരണം ദുൻയവിയായ ഒരു വിഷയമാണെന്നു പറഞ്ഞാൽ അതിൽ ഇസ്‌ലാമിനൊന്നും പറയാനില്ലെന്ന അറിവാണോ ഇദ്ദേഹത്തിനു ലഭിക്കുന്നത്? ഭരണവും രാഷ്ടീയവുമായ ഇസ്‌ലാമിന്റെ വീക്ഷണങ്ങൾ ഉമർ മൗലവി ഒരിക്കലും നിഷേധിച്ചിട്ടില്ല. മറിച്ച്, ജമാഅത്തുകാർ ഭരണം തൗഹീദിന്റെ ഭാഗമാണെന്നും അതു സ്ഥാപിക്കുവാനാണ് പ്രവാച കൻമാർ വന്നതെന്നും അതു സ്ഥാപിക്കാത്ത പ്രവാചകൻമാർ അല്ലാഹു ഏൽപ്പിച്ച ദൗത്യത്തിൽ പരാജയപ്പെട്ടവരാണെന്നുമുള്ള വാദങ്ങളെ ഖണ്ഡിക്കുവാനായി ഭരണം ഭൗതികമായ ഒരനു ഗ്രഹം മാത്രമാണെന്ന് തെളിയിക്കുക മാത്രമാണ് ഉമർ മൗലവി ചെയ്തത്. ഉമർ മൗലവി തന്നെ എഴുതുന്നതുകാണുക:

''ഇസ്‌ലാമിൽ രാഷ്ട്രീയമില്ല എന്ന് ഞങ്ങളല്ലാത്തവരൊക്കെ പറയുന്നു എന്നാണ് ജമാഅത്തെ ഇസ്‌ലാമിക്കാരുടെ വാദം. അങ്ങനെ വാദിക്കുന്ന യഥാസ്ഥിതികരെ പോലും ഇന്ന് കാണാൻ

സാദ്ധ്യമല്ല. ഇസ്‌ലാമിൽ വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം ഇവയൊക്കെ ബാധിക്കുന്ന നിയമനിർദേശങ്ങളുണ്ട്. കക്ഷിഭേദമന്യെ എല്ലാവരും അംഗീകരിക്കുന്ന കാര്യമാണിത്. മുസ്‌ലിം സമൂഹത്തിന് ഭരണം ലഭ്യമായാൽ എങ്ങനെയാണ് ഭരിക്കേണ്ടതെന്നതിനു ഇസ്‌ലാമിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. ഒരു പാടു വിഷയങ്ങൾ കൂടിയാലോചനക്കു വിട്ടുകൊടുത്തിട്ടുമുണ്ട്. ഭരണത്തലവനെ എങ്ങിനെ തിരഞ്ഞെടുക്കണമെന്നതിന് നിയതമായ ഒരു രൂപം ഇസ്‌ലാം നിർദേശിക്കുന്നില്ല. ഒന്നാം ഖലീഫ അബൂബക്കറും(റ) രണ്ടാം ഖലീഫ ഉമറും(റ) മന്നാം ഖലീഫ് ഉസ്മാനും(റ) തിരഞ്ഞെടുക്കപ്പെട്ടത് വ്യത്യസ്തരൂപങ്ങളിലായിരുന്നു. ഭരണനിയമങ്ങൾ ഭരണംകയ്യാളുന്നവർ നടപ്പിലാക്കണം. ഭരണമില്ലാത്തവരോ? അവരും ഭരണ രാഷ്ട്രീയ നിയമങ്ങൾ നടപ്പിലാക്കണമെന്ന തീവ്രവാദമാണ് ജമാഅത്തെ ഇസ്‌ലാമിക്കുള്ളത്. നാം വിയോജിക്കുന്നത് ഇവിടെയാണ്........ രാഷ്ട്രീയ നിയമങ്ങൾ നടപ്പിലാക്കാൻ ഭരണമില്ലെങ്കിൽ ഭരണം നേടിയെടുക്കണം. ഈ തലതിരിഞ്ഞ വാദം അവരുടെ സ്വന്തം വകയാണ്. ഖുർആനിലോ ഹദീസിലോ അതിന് തെളിവില്ല.'' (ഓർമകളുടെ തീരത്ത്, പേജ്: 195–ഉമർ മൗലവി)

ഭരണ രാഷ്ട്രീയ രംഗങ്ങളിൽ ഉമർ മൗലവിക്കുള്ള കാഴ്ചപ്പാടാണ് നാം മുകളിൽ കണ്ടത്. എന്നിട്ടും 'സൽസബീലി'ലെ ഉദ്ധരണികൾ മുറിച്ചെടുത്തും സന്ദർഭങ്ങളിൽ നിന്നു അടർത്തിയെടുത്തും ഉമർ മൗലവിയെ ദുർവ്യാഖ്യാനിക്കുന്ന ഈ പണി തുടർന്നു കൊണ്ടിരിക്കാൻ വല്ലാത്ത 'നെഞ്ചൂക്ക്' തന്നെ വേണം. ഇസ്‌ലാമിനെ ഒരു സമ്പൂർണ്ണ ഭരണ പദ്ധതിയായി അവതരിപ്പിക്കാൻ സാധിക്കുമോ? ഒരിക്കലും അതിന് സാധ്യമല്ല. ഇസ്‌ലാം അതിനു വേണ്ടിയുള്ളതുതല്ല. ഭരണ രംഗത്ത് വിശദാംശങ്ങളിലേക്കു കടക്കാതെ ചില മൂല്യാഭിവിന്യാസങ്ങൾ നിർണയിക്കുക മാത്രമാണ് ഇസ്‌ലാം ചെയ്തിട്ടുള്ളത്. ഉമർ മൗലവി എഴുതിയതും ഇത്ര മാത്രമാണ്. മുസ്‌ലിംകളുടെ കൂട്ടത്തിൽ ഒരൊറ്റ മനുഷ്യനും ഇത് നിഷേധിക്കുന്നില്ല. ഇസ്‌ലാമിന്റെ സാമൂഹിക രാഷ്ട്രീയ നിമങ്ങൾ പലതും കാലാഹരണപ്പെട്ടതാണെന്ന് ജൽപ്പിക്കുന്ന മോഡേണിസ്റ്റുകൾ പോലും ഇത് നിഷേധിക്കുമെന്ന് കരുതുന്നില്ല. ഏതായാലും ഇസ്‌ലാമിന്റെ ആത്മീയ വശത്തിന് വേണ്ടത്ര പ്രാധാന്യം നൽകാതെ അതിനെ കേവലം ഒരു ജീവിതദർശനമായി അവതരിപ്പിച്ചാലും അത് ചോദ്യം ചെയ്യപ്പെടും. അതിൽ പരിഭവിച്ച് ഈർഷ്യത തീർക്കാൻ മുജാഹിദുകളെ ഇസ്‌ലാമിക ഭരണത്തിനു എതിർ നിൽക്കുന്നവരാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നവർ, ഖബ്‌റാരാധനയെ എതിർക്കുന്നവരെ ചൂണ്ടി ഖബ്ർ സിയാറത്തിനെ തള്ളിപ്പറഞ്ഞവരെന്ന് തട്ടിവിടുന്ന 'മൊയ്ല്യാർ' ശൈലി കടം കൊണ്ടവരല്ലാതെ മറ്റാരാണ്? സഹതാപമർഹിക്കുന്നു ഈ പാഴ്‌വേല. ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ പരിവേദനം തുടരുന്നത് കാണുക:

''ഈ സാഹചര്യമാണ് മുജാഹിദുകൾ ജമാഅത്തിനെതിരെ ഉന്നയിച്ച വ്യാജാരോപണങ്ങൾക്ക് മറുപടി പറയാനും അവർ സൃഷ്ടിച്ച തെറ്റിദ്ധാരണകൾ നീക്കാനാവശ്യമായ വിശദീകരണങ്ങൾ നൽകാനും ഈ ലേഖകനെ നിർബന്ധിതനാക്കിയത്. അവ്വിഷയകമായി നിരവധി ലേഖനങ്ങളെഴുതേണ്ടി വന്നു. ധാരാളം പ്രസംഗങ്ങളും മുഖാമുഖങ്ങളും നടത്തി. മൂന്നു പുസ്തകങ്ങൾ രചിച്ചു. ഇതെല്ലാം വളരെയേറെ സമയവും അദ്ധ്വാനവും കവർന്നെടുത്തു. എന്റെ മാത്രല്ല; മുഴുവൻ ജമാഅത്ത് പ്രവർത്തകരുടെയും യോഗങ്ങൾ സംഘടിപ്പിക്കുവാനും മറ്റുമായി അവരുടെ സമ്പത്തും ഈ മാർഗത്തിൽ ചെലവഴിക്കേണ്ടിവന്നു.'' (ആരാമം– നവംബർ –09–ശൈഖ് മുഹമ്മദ് കാരക്കുന്ന്)

മുജാഹിദ് പ്രസ്ഥാനത്തിനെതിരെ തങ്ങളുടെ സമയവും ധനവും ചിരലവഴിക്കേണ്ടി വന്നതിൽ ഡയറക്ടർ തീർത്തും നിരാശനാണ്. എങ്ങിനെ നിരാശപ്പെടാതിരിക്കും? മുജാഹിദ് പ്രസ്ഥാനത്തിന്റെയും ഉമർ മൗലവിയുടെയും മറവിൽ ഇസ്‌ലാമിനെയാണല്ലോ അദ്ദേഹത്തിനും പ്രവർത്തകർക്കും കടന്നാക്രമിക്കേണ്ടി വന്നത്. നഷ്ടപ്പെടുത്തിയ സമയവും ധനവും പ്രതിഫലാർഹമായില്ല എന്നു തിരിച്ചറിയുമ്പോൾ ഇത്തരം നിരാശ സ്വാഭാവികം. അതല്ല, ഇസ്‌ലാമിനെതിരെയുള്ള കാഴ്ചപ്പാടുകളെയായിരുന്നു തങ്ങൾ പ്രതിരോധിച്ചതെന്ന ബോധ്യം ഇദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ ഈ നിരാശയും 'കുമ്പസാര'വും വേണ്ടിവരില്ലായിരുന്നു. എന്നാൽ മൗദൂദിസത്തിനെതിരെ തീർത്ത പ്രതിരോധം മുജാഹിദുകളുടെയും സമയവും ധനവും അധ്വാനവും കവർന്നെടുത്തിട്ടുണ്ട്. അതിൽ പക്ഷെ മുജാഹിദുകൾ നിരാശരല്ല. കാരണം, അല്ലാഹുവിന്റെ മതത്തിനെതിരെ ഏത് 'കീറാമുട്ടി' വന്നാലും അതിനെ പ്രതിരോധിക്കേണ്ടത് തങ്ങളുടെ ബാധ്യതയായി

കാണുന്നവരാണ് മുജാഹിദുകൾ. അതിനാൽ പ്രതിഫലാർഹമായിട്ടല്ലാതെ ഒരിറ്റു സമയമോ ധനമോ മുജാഹിദുകൾക്കു ചിലവഴിക്കേണ്ടിവന്നിട്ടില്ലെന്നാണ് അവർ കരുതുന്നത്. ഉമർ മൗലവിയുടെ വാക്കുകൾ എത്ര സത്യസന്ധം:

''മൗദൂദിസം ഇസ്‌ലാമിന് അന്യമായ തിരുത്തൽ വാദവും തീവ്രവാദവുമാണെന്ന് ഇന്ത്യാ ഉപഭൂഖണ്ഡത്തിലും അറബിനാടുകളിലുമുള്ള പണ്ഡിതന്മാർ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള പാശ്ചാതലം ഒരുക്കുന്നതിൽ എളിയവനായ എനിക്കും ഒരു പങ്കു വഹിക്കാൻ അല്ലാഹു അവസരം നൽകി. അല്ലാഹുവിന് സർവ്വ സ്തുതിയും! സമയം അതിക്രമിച്ചെങ്കിലും നഷ്ടപ്പെട്ടിട്ടില്ല.'' (ഓർമകളുടെ തീരത്ത്, പേജ്: 163 ഉമർ മൗലവി)

ആദർശ പ്രതിബദ്ധത നഷ്ടപ്പെട്ടവർക്കാണല്ലോ നിരാശവേണ്ടത്. അതിനാൽ ഡയറക്ടറുടെ ഈ 'കുമ്പസാര'ങ്ങളിൽ യാതൊരർത്ഥവുമില്ല; ശേഷിച്ച സമയവും ധനവും നല്ല നിലക്കു ചിലവഴിക്കാതെ.

അവസാനം ഓർമക്കുറിപ്പുകാരൻ ആശ്വാസം കൊള്ളുന്നത് തങ്ങൾക്ക് മുജാഹിദ് പ്രസ്ഥാനത്തെ പല 'പരിവർത്തന'ങ്ങൾക്കും വിധേയമാക്കാൻ കഴിഞ്ഞു എന്നതിലാണ്. ഡയറക്ടർ എഴുതുന്നതു കാണുക: ''മുജാഹിദ് വിമർശനങ്ങളെ പ്രതിരോധിക്കൽ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ നടത്തിയ ശ്രമങ്ങൾ നല്ല സദ്ഫലങ്ങളുണ്ടാക്കി. മുജാഹിദ് സുഹൃത്തുക്കൾ ജമാഅത്തിനെതിരെയുള്ള രൂക്ഷവിമർശനങ്ങളും ആക്ഷേപങ്ങളും ഒട്ടും കുറച്ചിട്ടില്ലെങ്കിലും ഓരോഘട്ടത്തിലും ഉന്നയിച്ചു കൊണ്ടിരിക്കുന്ന വാദങ്ങളിൽ നിന്ന് പിന്മാറാനും അവ ഉപേക്ഷിക്കാനും അവർ നിർബന്ധിതരായി'' (ആരാമം-നവംബർ-2009)

എന്തൊക്കെയാണ് മുജാഹിദുകൾ ഉപേക്ഷിച്ച കാര്യങ്ങളെന്ന് അദ്ദേഹം എഴുതിയത് നമുക്ക് അക്കമിട്ട് പഠനവിധേയമാക്കാം.

1) ''ഇബാദത്തിന് അറബി ഭാഷയിൽ അനുസരണം, അടിമവേല എന്നീ അർത്ഥങ്ങളില്ലെന്ന് പറയാൻ ഇപ്പോൾ അവർ ധൈര്യപ്പെടുകയില്ല. ഇപ്പോൾ അങ്ങിനെ പറയാറുമില്ല.'' (ആരാമം)

ആരുപറഞ്ഞു? ഇപ്പോഴും മുജാഹിദുകൾക്കു ചോദിക്കാനുള്ളതിൽ പ്രസക്തമായ ചോദ്യം അതുതന്നെയാണ്. 'അടിമവേല' എന്നത് ഇബാദത്തിന്റെ ഭാഷാർത്ഥങ്ങളിൽ പോലും വരില്ലെന്ന് മുഹമ്മദ് അമാനി മൗലവി സൂറത്തുൽ ഫാത്തിഹയുടെ തഫ്സീറിൽ തെളിവുകൾ സഹിതം വ്യക്തമാക്കിയത് കാണാത്ത ആളൊന്നുമല്ല ഡയറക്ടർ. പിന്നെയും സ്വയം വിഡ്ഢിയാകാൻ അതിയാനെ പ്രേരിപ്പിക്കുന്നഘടകം 'പക്വത' കുറവല്ലാതെ മറ്റൊന്നുമല്ല.

2) ''ഇസ്‌ലാമിലെ ഇബാദത്തിന് മൗദൂദി നൽകിയ അർത്ഥം തെറ്റാണെന്നും അദ്ദേഹത്തിന് മുമ്പ് ആരും അങ്ങിനെ പറഞ്ഞിട്ടില്ലെന്നും വാദിക്കാൻ മുജാഹിദ് സുഹൃത്തുക്കളിൽ മഹാ ഭൂരിപക്ഷവുമിപ്പോൾ സന്നദ്ധരാവാറില്ല. ഇനി അവർക്കതു സാധ്യവുമല്ല.'' (ആരാമം പേജ്: 42)

ഇതൊരു പാവം മൗദൂദിസ്റ്റിന്റെ പൂതി മാത്രമായി 'ആരാമം' വായനക്കാർ കണ്ടാൽ മതി. ഇബാദത്തിനും മറ്റു സാങ്കേതിക ശബ്ദങ്ങൾക്കും പൂർവ്വികർ പറയാത്ത അർത്ഥ-വ്യാഖ്യാനങ്ങൾ നടത്തി ഇസ്‌ലാമിലെ തൗഹീദിൽ അട്ടിമറി നടത്തുകയാണ് മൗദൂദി സാഹിബ് ചെയ്തിരിക്കുന്നതെന്നാണ് എന്നത്തെയും മുജാഹിദുകളുടെ വാദം. അതിലിന്നോളം ഒരു മാറ്റവും ഏതു ഡയറക്ടർക്കും ചുണ്ടിക്കാണിക്കാനൊക്കില്ല. മലർപൊടിക്കാരന്റെ സ്വപ്നമായി മാത്രമേ അതവശേഷിക്കൂ പ്രിയ ഡയറക്ടർ സാർ.

3) ''സ്വർണം വാങ്ങാൻ മീൻമാർക്കറ്റിൽ പോകാത്തപോലെ ഖുർആനും സുന്നത്തും നോക്കാതെ ഇഷ്ടാനുസരണം കൈകാര്യം ചെയ്യാവുന്ന ഭൗതിക കാര്യമാണ് രാഷ്ട്രീയവും ഭരണവുമെന്ന് പറയാൻ ഇന്ന് മുജാഹിദ് പണ്ഡിതൻമാരിൽ ഏറെപേരും ധൈര്യപ്പെടുകയില്ല.

ഇസ്ലാം ഒരു ജീവിത വ്യവസ്ഥയാണെന്ന് ആംഗീകരിക്കാത്തവരും അവരിൽ വിരളമായിരിക്കും.'' (അതേ പുസ്തകം: പേജ് 42)

ഇസ്ലാമിന്റെ ആത്മീയത ചോർത്തിക്കളഞ്ഞ് മറ്റു ഭൗതിക വിമർശനങ്ങളുടെ നിരയിലേക്ക് അതിനെ ചവിട്ടിത്താഴ്ത്തിയാൽ മുജാഹിദുകൾ ഇനിയും ചോദ്യം ചെയ്യുക തന്നെ ചെയ്യും. ഇസ്ലാമിനെ ജീവിത വ്യവസ്ഥയെന്ന് പരിചയപ്പെടുത്തുക വഴി തങ്ങളെന്തോ വലിയ മഹത്വമാണ് ഇസ്ലാമിന് വേണ്ടി നിർവ്വഹിച്ചതെന്നു കരുതുന്നവർ മനസ്സിലാക്കുക. ഒരു ദർശനം അതു ജീവിത വ്യവസ്ഥയാവാൻ അതിനു ആത്മീയത ഒട്ടും ആവശ്യമില്ല. എന്നാൽ ഇസ്ലാം ഇസ്ലാമാകാൻ അത്മീയത കൂടിയേ പറ്റൂ. അതുകൊണ്ടുതന്നെ കമ്മ്യൂണിസത്തിനും ക്യാപിറ്റലിസത്തിനും മധ്യേ നിലകൊള്ളുന്ന ഒരു ജീവിത വ്യവസ്ഥ എന്ന നിലക്ക് ഇസ്ലാമിനെ ആര് പരിചയപ്പെടുത്തിയാലും ആ ക്രൂരതയെ നിശബ്ദമായി നോക്കി നിൽക്കാൻ മുജാഹിദുകൾക്കാവില്ല. ഏതായാലും ഭരണരംഗത്ത് കൃത്യമായി കാഴ്ചപ്പാടുകൾ മുന്നോട്ടു വെക്കുന്ന മതമാണെന്ന് പഠിപ്പിക്കാൻ ഏതെങ്കിലും സൺഡെ സ്കൂൾ പഠിക്കുന്ന കുട്ടിയെ തിരയുന്നതായിരിക്കും നല്ലത്. ആ അരി മറ്റൊരിടത്തും വേവില്ല.

4) ''നിയമനിർമാണത്തിന്റെ പരമാധികാരം അല്ലാഹുവിന് മാത്രമാണെന്ന് സമ്മതിക്കാത്തവരുണ്ടാവില്ല.'' (അതേ പുസ്തകം–പേജ് 42)

നിയമനിർമ്മാണത്തിന്റെ പരമാധികാരം നിഷേധിച്ച ഒരു കാലഘട്ടം മുജാഹിദുകൾക്കെന്നല്ല നാട്ടിലെ ഒരു നാടൻ 'ഖുറാഫി'ക്കു പോലും ഉണ്ടായിട്ടില്ല. 'ഇന്ത്യയിലെ അമുസ്ലിംകൾ എന്നല്ല ഇന്ദിരാഗാന്ധിയുടെ ആരാധകർപോലും നിയമനിർമാണത്തിന്റ പരമാധികാരം അവർക്കു വകവെച്ചുകൊടുക്കുന്നില്ലെന്ന്' എഴുതിയവർ തന്നെ മുജാഹിദുകളെ 'പരിവർത്തിപ്പിച്ചു' മുവഹിദുകളാക്കിയ കഥ പറയുമ്പോൾ ആ തൊലിക്കട്ടിയിൽ നാം ആശ്ചര്യപ്പെടുക.